# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 141 01/12/2014-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് വീട്

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്ശേഷം എത്ര മൽസ്യതൊഴിലാളികൾക്ക് വീട് വച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2400 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് വീടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 4973 ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ഇത് കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആകെ 1800 വീടുകൾ ജില്ലകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 3 പദ്ധതികളിലും കൂടി ആകെ 9173 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്? | (ബി) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായത്തിനായി ആകെ 17095 അപേക്ഷകളും 13-ാം ധനകാര്യ കമ്മീഷൻ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 10298 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടും ആനുകൂല്യം ലഭിക്കാത്ത അർഹരായ അപേക്ഷകരിൽ നിന്നുമാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ആഫീസർ